കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 09 | 2023 |
|---|---|---|



ശബരിമല പത്രക്കുറിപ്പ് - 4

ഫോൺ : 04735 - 202664
[www.sabarimala.kerala.gov.in, prdsabarimala2022@gmail.com](www.sabarimala.kerala.gov.in)

---

# താളക്കണക്കിൽ പെരുകി പരന്ന് സന്നിധാനം; തായമ്പക കാണിക്കയാക്കി ശ്രീരാജ് – നിതീഷ് ദ്വയം

മേളപ്രിയനായ ശബരിമല അയ്യപ്പന്റെ സന്നിധിയിൽ കൊട്ടിക്കയറി താളപ്രപഞ്ചം തീർത്ത് കാണിക്കയേകി യുവതാള വിദ്വാന്മാരായ മട്ടന്നൂർ ശ്രീരാജും ചിറയ്ക്കൽ നിതീഷും. സന്നിധാനം നടപ്പന്തലിലെ ശ്രീ ധർമ്മശാസ്താ ഓഡിറ്റോറിയത്തിലാണ് ഇരുവരും തായമ്പക വായിച്ചത്. താളങ്ങളുടെ സൂക്ഷ്മ കണക്കുകളെ കൊ ും കൊടുത്തും വാങ്ങിയും പെരുക്കിയും എണ്ണം മുറുക്കിയും ഇരുവരും തീർത്ത മേളപ്രപഞ്ചം ദർശനത്തിനെത്തിയ സ്വാമിമാരുടെ ഹൃദയതാളമേറ്റി.

മുഖവും ചെമ്പട വട്ടവും ചേർന്ന പതി കാലത്തിൽ തുടങ്ങി ചെമ്പക്കൂറും

അടന്തക്കൂറും കൊട്ടിക്കയറിയതോടെ താളപ്രവേഗത്തിന്റെ വിസ്മയത്തിൽ ഭക്തരും ആറാടി. ഇടവട്ടത്തിൽ മുറുകി ഇരികിടയിൽ ജലിച്ച് ഒടുവിൽ കൊട്ടിക്കാലാശമായപ്പോൾ മഴ പെയ്ത് തോർന്ന പ്രതീതി. അടിത്തറയും അഴകവും വടിവും വെടിപ്പുമുള്ള താളശിൽപം ശ്രോതാക്കളുടെ ഉള്ളിൽ കൊത്തി വച്ചാണ് ഇരുവരും പടിയിറങ്ങിയത്. ഇടന്തലയിൽ മട്ടന്നൂർ സുധി, ചെറുതാഴം വിഷ്ണു രാജ്, വലന്തലയിൽ കൊട്ടാരം ബിജു, ഇരിങ്ങാലക്കുട നീരജ്, കാഞ്ഞിരങ്ങാട് അരുൺ രാജ്, ഇലത്താളത്തിൽ മട്ടന്നൂർ അജിത്, ചെറുതാഴം രാമദാസ്, മട്ടന്നൂർ സജിത്, ചെറുതാഴം കൃഷ്ണദാസ് എന്നിവരും അണി ചേർന്നു.

(പി.ആർ. ശബരി- 253)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.